27 (468) അധ്യാപകരുടെ തസ്തികയിലുള്ള ഒഴിവുകൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട എൽ.പി., യു.പി., എച്ച്. എസ്. എന്നീ വിഭാഗങ്ങളിൽ സ്കൂളുകളിലെ അധ്യാപകരുടെ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടപ്പുണ്ട്; സ്കൂൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിൽ എൽ.പി., യു.പി., എച്ച്.എസ്. അധ്യാപകരുടെ സ്ഥിരം തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി&സി) ഉദിക്കുന്നില്ല.

28 (469) എയ്ഡഡ് സ്കൂളുകൾക്ക് അനുവദിക്കുന്ന ധനസഹായം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണിക്കായി സർക്കാർ അനുവദിക്കുന്ന ധനസഹായം അപര്യാപ്തമാണ് എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ എൽ.പി., യു.പി. വിദ്യാലയങ്ങൾ, ഹൈസ്കൂളുകൾ, ട്രെയിനിംഗ് സ്കൂളുകൾ എന്നിവയിലെ ഓരോ വിദ്യാർത്ഥിയ്ക്കും ഒരു വർഷം ലഭിക്കുന്ന സർക്കാർ ധനസഹായം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക നിശ്ചയിച്ചത് ഏതു വർഷത്തിലാണ്;

(ഡി) ഈ തുക ഇതുവരെയും വർദ്ധിപ്പിക്കാതിരുന്നതിന്റെ കാരണമെന്താണ്;

(ഇ) ഈ തുക വർദ്ധിപ്പിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇതിൽ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എൽ.പി., യു.പി. സ്കൂളുകളിലെ ഓരോ വിദ്യാർത്ഥിക്കും 3 രൂപ 25 പൈസ വീതവും ഹൈസ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും 5 രൂപ വീതവും ട്രെയിനിംഗ് സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും 7 രൂപ 25 പൈസ വീതവും ഒരു വർഷം സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്.

(സി) ഈ തുക 1979-ൽ നിശ്ചയിച്ചതാണ്.

(ഡി) ഇതിലേയ്ക്കായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല.

(ഇ&എഫ്) നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തി തുക വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ജി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

29 (70) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന അവധി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിക്കൊണ്ട് ഗവൺമെന്റ് നൽകുന്ന ഉത്തരവുകൾ ഗവൺമെന്റ് സ്കൂളുകൾക്കും എയിഡഡ് സ്കൂളുകൾക്കും ബാധകമാക്കുന്നതുപോലെ അൺ എയിഡഡ് സ്കൂളുകൾക്കും ബാധകമാണോ;

(ബി) എങ്കിൽ ചില അൺ എയിഡഡ് സ്കൂളുകൾ അവധി പ്രഖ്യാപനം മാനിക്കാതെ ക്ലാസ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന വിഷമം കണക്കിലെടുത്ത് അധികൃതരുടെ ഉത്തരവും ലംഘിച്ച് ക്ലാസ്സുകൾ നടത്തുന്നത് ആവർത്തിക്കാതിരിക്കാൻ അത്തരം സ്കൂളുകൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അംഗീകാരമുള്ള അൺ എയിഡഡ് സ്കൂളുകൾക്ക് ബാധകമാണ്.

(ബി) ഇല്ല.

(സി) അധികൃതരുടെ ഉത്തരവുകൾ ലംഘിച്ച് ക്ലാസ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആവർത്തിക്കാതിരിക്കാൻ സ്കൂൾ അധികൃതക്ക് വേണ്ട നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly